പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: *5237* 30.06.2014-ൽ മറുപടിക്ക്

## കാസർഗോഡ് കെ.എസ്.ആർ.ടി.സി ഡിപ്പോയിലെ ഷെഡ്യൂളുകൾ

**ചോദ്യം**

ശ്രീ. എൻ. എ. നെല്ലിക്കുന്ന് :

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്ന് എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്; ഇപ്പോൾ നിലവിലുള്ളത് എത്ര ബസുകളാണ്; | (എ) | കാസർഗോഡ് കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്നും 94 ഷെഡ്യൂളുകൾ നടത്തുന്നതിന് അനുവാദം നൽകിയിട്ടുണ്ടെങ്കിലും ബസ്സിന്റെ കുറവ് കാരണം പ്രതിദിനം ശരാശരി 71 ഷെഡ്യൂളുകൾ വരെയേ നടത്തുന്നുള്ളൂ. ഇപ്പോൾ കാസർഗോഡ് ഡിപ്പോയിൽ 89 ബസുകളാണ് നിലവിലുള്ളത്. |
| (ബി) | നിലവിലുള്ള ഷെഡ്യൂളുകൾ പ്രകാരം ബസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് എത്ര കണ്ടക്ടർമാരും ഡ്രൈവർമാരുമാണ് ആവശ്യമായിട്ടുള്ളത്; ഇപ്പോൾ ലഭ്യമായിട്ടുള്ള കണ്ടക്ടർമാരും ഡ്രൈവർമാരും എത്രയാണ്; ബാക്കിയുള്ളവരെ എപ്പോൾ നിയമിക്കും; | (ബി) | 215 കണ്ടക്ടർമാരും 215 ഡ്രൈവർമാരും ആവശ്യമുണ്ട്. 121 സ്ഥിരം കണ്ടക്ടർമാരും 89 താൽക്കാലിക കണ്ടക്ടർമാരും ഉൾപ്പെടെ 210 കണ്ടക്ടർമാരും 190 സ്ഥിരം ഡ്രൈവർമാരും 40 താൽക്കാലിക ഡ്രൈവർമാരും ഉൾപ്പെടെ 230 ഡ്രൈവർമാരും ഉണ്ട്. ബാക്കിയുള്ള ജീവനക്കാരെ നിയമിക്കുവാനുള്ള നടപടി നടന്നു വരുന്നു. |
| (സി) | സ്പെയർ പാർട്സുകളുടെ ലഭ്യത ആവശ്യത്തിനില്ലാത്തതും ടയറുകളുടെ കുറവും കാരണം നിരവധി ബസുകൾ ഡിപ്പോയിൽ കട്ടപ്പുറത്താണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാമ്പത്തിക പ്രയാസം മൂലം യഥാവിധി പണം കൊടുത്തു തീർക്കാത്തതിനാൽ ടയർ, സ്പെയർ പാർട്സ് എന്നിവ നല്കുന്നതിൽ ചില നിർമാതാക്കൾ നിയന്ത്രണം ഏർപ്പെടുത്തുകയും ചിലർ പരിപൂർണമായി നിർത്തിവയ്ക്കുകയും ചെയ്തതിനാൽ ചെറിയ പ്രതിസന്ധിയുണ്ട്. ആയത് പരിഹരിക്കുന്ന മുറയ്ക്കു വാഹനങ്ങളുടെ ഓഫ് റോഡ് നിരക്ക് അനുവദനീയ പരിധിക്കുള്ളിൽ നിലനിർത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ